LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

2004 ജൂലൈ 14, ബുധൻ

വാല്യം CXXI] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 14

നിയമസഭ 2004 ജൂലൈ മാസം 14-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. സുന്ദരൻ നാടാരുടെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

വനങ്ങളിൽ നിന്നും ലഭിക്കുന്ന പ്രതിവർഷ വരുമാനം

*1 [317] ശ്രീ. വി. ഡി. സതീശൻ:
പ്രൊഫ. സാവിത്രി ലക്ഷ്മണൻ:
ശ്രീ. എ. കെ. മണി:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീമതി മാലേത്ത് സരളാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനങ്ങളിൽ നിന്നും പ്രതിവർഷം എത്ര കോടി രൂപ വരുമാനം ലഭിക്കുന്നുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ബി) എന്തെല്ലാം ഇനങ്ങളിൽ നിന്നുമാണ് ഈ വരുമാനം ലഭിക്കുന്നത്;

(സി) ഇപ്പോൾ വനത്തിൽ നിന്നും ഗവൺമെന്റ് തടി വെട്ടി വിൽക്കാറുണ്ടോ; എങ്കിൽ ഈ ഇനത്തിൽ എന്തു തുക പ്രതിവർഷം ലഭിക്കുന്നു എന്ന് വെളിപ്പെടുത്തുമോ;

(ഡി) മൈനർ ഫോറസ്റ്റ് പ്രൊഡ്യൂസ് എന്തെല്ലാമാണ്;

(ഇ) ഇത് ശേഖരിച്ച് വിൽക്കുന്നതിന് വനവാസികളെ അനുവദിച്ചിട്ടുണ്ടോ?

വനവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ):

(എ) സംസ്ഥാനത്തെ വനങ്ങളിൽ നിന്നും പ്രതിവർഷം ശരാശരി 150 കോടി രൂപയോളം വരുമാനം ലഭിക്കുന്നു.

(ബി) ചന്ദനം, തടി, വിറക്, കഴകൾ, കാറ്റത്തുവീണ മരങ്ങൾ മറ്റു വനവിഭവങ്ങൾ എന്നിവ വിൽക്കുമ്പോഴും വ്യവസായ സ്ഥാപനങ്ങൾക്ക് നൽകുന്ന ഈറ്റ, മുള, യൂക്കാലിപ്റ്റ്സ്, അക്കേഷ്യ എന്നിവയിൽ നിന്നും ലഭിക്കുന്ന റോയൽറ്റി, പാട്ടത്തിനു നൽകിയ വനഭൂമിയിൽ നിന്നുള്ള പാട്ടത്തുക, വനവിഭവങ്ങൾ വിൽക്കുമ്പോൾ ഈടാക്കുന്ന ഫോറസ്റ്റ് ഡെവലപ്മെന്റ് ടാക്സ്, ടൂറിസ്റ്റുകളിൽ നിന്ന് ഈടാക്കുന്ന പ്രവേശനഫീസ്, കണ്ടുകെട്ടിയ വാഹനങ്ങളുടെ വിൽപ്പന എന്നീ ഇനങ്ങളിലാണ് വരുമാനം ലഭിക്കുന്നത്.

(സി) ഉണ്ട്. പ്രായപൂർത്തിയായ വൃക്ഷത്തോട്ടങ്ങൾ മുറിച്ചുവിൽപ്പന നടത്തുന്നുണ്ട്. കാട്ടിൽ വീണുകിടക്കുന്ന മരങ്ങൾ ശേഖരിച്ചും തടിയുടെ വിൽപ്പന നടത്തുന്നുണ്ട്. ഈ ഇനത്തിൽ 2003-04 വർഷത്തിൽ പ്രാഥമിക കണക്കുകൾ പ്രകാരം 157.23 കോടി രൂപയുടെ വരുമാനം ലഭിച്ചിട്ടുണ്ട്.

(ഡി) വനത്തിൽ നിന്നും ശേഖരിക്കുന്ന പ്രധാനപ്പെട്ട തടിയേതര വനവിഭവങ്ങൾ തേൻ, ഏലക്ക, വയമ്പ്, ചിറ്റമൃത്, കുന്തിരിക്കം, മരമഞ്ഞൾ, ഔഷധസസ്യങ്ങൾ മുതലായവയാണ്. ഇത്തരത്തിൽ 97 ഇനങ്ങളാണ് ഉള്ളത്. ലിസ്റ്റ് അനുബന്ധം 1 ആയി ഉൾക്കൊള്ളിക്കുന്നു.†

(ഇ) ഉണ്ട്. വിശദാംശങ്ങൾ അനുബന്ധം II ആയി ഉൾക്കൊള്ളിച്ചിരിക്കുന്നു.‡

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സർ, റീറ്റെയിൽ തടി ഡിപ്പോകൾ ഇന്ന് പുതിയ പരീക്ഷണമാണ്. വനംവകുപ്പ് സമീപകാലത്ത് തുടങ്ങിയതാണ്. ആദ്യം പ്രവർത്തനക്ഷമമായത് ചാലക്കുടിയിൽ ആണെന്നാണ് എന്റെ അറിവ്. ഉപഭോക്താക്കൾക്ക് തടി ലേലത്തിൽ കൊള്ളാതെ നേരിട്ട് ഈ ഡിപ്പോകളിൽ വന്ന് നിശ്ചയിക്കപ്പെട്ട വിലയ്ക്ക് വാങ്ങാനുള്ള സൗകര്യമാണ് വനംവകുപ്പ് ഉണ്ടാക്കികൊടുത്തിരിക്കുന്നത്. ഇത്തരം റീറ്റെയിൽ ഷോപ്പുകൾ സംസ്ഥാനത്ത് ഇപ്പോൾ എത്രയെണ്ണം ഉണ്ട്? അത് ലാഭകരമായിട്ടാണോ പ്രവർത്തിക്കുന്നത്, ഉപഭോക്താക്കൾക്ക് ഇവയുടെ നടത്തിപ്പിൽ പരാതിയുണ്ടോ?

† അനുബന്ധം I

‡ അനുബന്ധം I എ

LIBRARY ARCHIVES Kerala Legislative Assembly

വനവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ): സർ, സംസ്ഥാനത്തെ 16 റീറ്റെയിൽ സെയിൽ ഡിപ്പോകൾ ആരംഭിച്ചിട്ടുണ്ട്. 10 ഡിപ്പോകൾ പ്രവർത്തനനിരതമാണ്. 6 എണ്ണം ഉദ്ഘാടനം കഴിഞ്ഞു തുറന്നെങ്കിലും പ്രവർത്തനനിരതമായി എന്ന് പറയാറായിട്ടില്ല. 640 മെട്രിക് ടൺ മരം ഈ ഡിപ്പോകളിൽ നിന്ന് വിൽപ്പന നടത്തിയിട്ടുണ്ട്. ആ ഇനത്തിൽ 119 ലക്ഷം രൂപ വരുമാനമുണ്ട്. അത് ആരംഭിച്ചശേഷം ഇതുവരെ ഇതിന്റെ നടത്തിപ്പിനെക്കുറിച്ചോ ഇതിലെ പോരായ്മയെക്കുറിച്ചോ ഒരു ചെറിയ പരാതിപോലും ലഭ്യമായിട്ടില്ല. സാധാരണ ആളുകൾക്ക് വളരെയേറെ അനുഗ്രഹമാണ് ഈ റീറ്റെയിൽ ഡിപ്പോ എന്നാണ് പൊതുജനാഭിപ്രായം.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സർ, ഈ 97 ഇനങ്ങളിൽ എം.എഫ്.ഡി. കളക്ഷൻ നടത്തുന്നുണ്ട് എന്നാണ് ബഹുമാനപ്പെട്ട മന്ത്രി അറിയിച്ചത്. ആ എം.എഫ്.ഡി. കളക്ഷന് 74 പട്ടികവർഗ സഹകരണസംഘങ്ങൾ നമ്മുടെ നാട്ടിൽ പ്രവർത്തിക്കുന്നു എന്ന് അനുബന്ധത്തിൽ നിന്ന് മനസ്സിലാക്കാൻ സാധിക്കുന്നുണ്ട്. മലക്കപ്പാറയിലെ ഷോളയാർ പട്ടികവർഗ്ഗ സഹകരണസംഘം ഇതിൽ ഒന്നാണ്. വനസംരക്ഷണ സമിതികൾക്ക് ഈ എം.എഫ്.പി.ക്കുള്ള അനുവാദം സർക്കാർ കൊടുത്തിട്ടുണ്ട്. ആ സ്ഥിതിക്ക് വനസംരക്ഷണ സമിതികളുടെ എം.എഫ്.പി. കളക്ഷനും പട്ടികവർഗ്ഗ സഹകരണസംഘങ്ങളുടെ എം.എഫ്.പി. കളക്ഷനും തമ്മിൽ പൊരുത്തപ്പെട്ടുപോകാൻ പറ്റുന്ന പാകത്തിൽ എന്ത് സംവിധാനമാണ് വനംവകുപ്പിൽ നിന്ന് ചെയ്തിരിക്കുന്നത്. കളക്ഷനുള്ള ഏരിയ നിശ്ചയിക്കുന്ന കാര്യത്തിൽ തർക്കങ്ങൾ ഉണ്ടാകാറുണ്ടോ, അതോ ഈ പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകൾക്ക് വേണ്ടി മാത്രമായി വാഴച്ചാൽ ഡി.എഫ്.ഒ. ചെയ്തിരിക്കുന്നതുപോലെ വനസംരക്ഷണ സമിതികൾ ഉണ്ടാക്കുന്ന ഏർപ്പാട് മറ്റ് ഭാഗങ്ങളിൽ ഉണ്ടോ? 34 ഗിരിജൻ സൊസൈറ്റികളാണ് ഇന്ന് ഉള്ളത്. അതിൽ 30 സൊസൈറ്റികൾ ആണ് പ്രവർത്തന നിരതമായിട്ടുള്ളത്. ഏതാണ്ട് ഇരുന്നൂറോളം ഊരുകളും, ഇരുപത്തിമൂന്നായിരം ഫാമിലികളും അടങ്ങുന്നതാണ് ഈ ഗിരിജൻ സൊസൈറ്റികൾ. ഈ സൊസൈറ്റികൾക്കാണ് ഇന്നത്തെ നിലയിൽ ഈ വനേതര വിഭവങ്ങൾ ശേഖരിക്കാനുള്ള അധികാരം ഉള്ളത്. മറ്റുള്ളവയ്ക്ക് വനേതര വിഭവങ്ങൾ ശേഖരിക്കാനുള്ള അധികാരം ഇന്നില്ല. അത് പൂർണ്ണമായും ഗിരിജൻ സൊസൈറ്റികൾക്ക് മാത്രമാണ്. ഇവർ ശേഖരിക്കുന്ന വനേതര വിഭവങ്ങൾ പട്ടികവർഗ്ഗ സൊസൈറ്റിയാണ് ഏറ്റെടുത്തിട്ടുള്ളത്. ഈ സൊസൈറ്റികൾ ആണ് ഇന്ന് ഈ എം.എഫ്.പി.യുടെ ശേഖരണം നടത്തുന്ന 34 സൊസൈറ്റികളിൽ നിന്ന് ഏറ്റെടുക്കുന്നത്. അല്ലാതെ വന സംരക്ഷണ സമിതിക്ക് വനവിഭവങ്ങൾ സമാഹരിക്കാനുള്ള അധികാരമോ അവകാശമോ ഇപ്പോൾ നിലവിലില്ല.

പ്രൊഫ. എ. ഡി. മുസ്തഫ: സർ, ഇക്കോ ടൂറിസം പദ്ധതി വനവുമായി ബന്ധപ്പെട്ടിട്ടാണല്ലോ പ്രധാനമായും നമ്മുടെ സംസ്ഥാനത്ത് കിടക്കുന്നത്. ഇതിൽ നിന്ന് എത്ര വരുമാനം വനംവകുപ്പ് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സുധാകരൻ: ഇക്കോ ടൂറിസം പദ്ധതിയിൽ നിന്ന് വനംവകുപ്പ് വരുമാനം പ്രതീക്ഷിക്കുന്നില്ല. ഇക്കോ ടൂറിസം പദ്ധതിയിൽ നിന്നുള്ള വരുമാനം ആ പ്രദേശത്തെ വനവാസികളായ ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ വിനിയോഗിക്കുകയാണ് ഗവൺമെന്റിന്റെ നയം. പക്ഷെ, കേരളം പോലുള്ള ഒരു സംസ്ഥാനത്ത് ഇക്കോ ടൂറിസത്തിന് അനന്തമായ സാദ്ധ്യതകളാണ് ഉള്ളത്. ഈ സംസ്ഥാനത്ത് ഇക്കോ ടൂറിസം ഒരു വരുമാനമാർഗ്ഗമായി മാറ്റാവുന്നതാണ്. ഈ കാര്യം സർക്കാരിന്റെ സജീവ പരിഗണനയിൽ ഇന്നുണ്ട്.

പ്രൊഫ. എ. ഡി. മുസ്തഫ: സർ, ഇക്കോ ടൂറിസം പദ്ധതി വനത്തിന്റെ സംരക്ഷണത്തെ എത്രത്തോളം ബാധിക്കുമെന്നതിനെക്കുറിച്ച് വല്ല പഠനവും നടത്തിയിട്ടുണ്ടോ?

ശ്രീ. കെ. സുധാകരൻ: സർ, ഇക്കോ ടൂറിസം പദ്ധതി വനത്തിന്റെ ആവാസവ്യവസ്ഥയ്ക്കോ, അല്ലെങ്കിൽ വനത്തിന്റെ സംരക്ഷണത്തിനോ ഒരു പോറൽപോലും ഏൽപ്പിക്കാത്ത പദ്ധതികൾ മാത്രമേ ഇക്കോ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ. ഞാൻ ഇന്നലെ നിയമസഭയിൽ പറഞ്ഞതുപോലെ ഏതാണ്ട് അഞ്ചു ലക്ഷത്തോളം ടൂറിസ്റ്റുകൾ വരുന്ന തേക്കടിയിൽ പോലും ഇതുവരെ വനസംരക്ഷണത്തിനും വനത്തിന്റെ ആവാസവ്യവസ്ഥയ്ക്കും ഒരു പോറൽ ഏറ്റതായ ഒരു പരാതിയോ അല്ലെങ്കിൽ ആക്ഷേപമോ ഇന്നുവരെ ഉണ്ടായിട്ടില്ല. അതുകൊണ്ട് ആ പദ്ധതിയുടെ ക്രമീകരണം തന്നെ ആവാസവ്യവസ്ഥയ്ക്കും വനസംരക്ഷണത്തിനും ജൈവവൈവിദ്ധ്യ സംരക്ഷണത്തിനും പോറൽ ഏൽപ്പിക്കാത്ത രീതിയിലാണ് ഇക്കോ ടൂറിസത്തിന്റെ പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുള്ളത്.

ശ്രീമതി മാലേത്ത് സരളാദേവി: സർ, തടി ഒഴികെയുള്ള വനവിഭവങ്ങൾ ധാരാളമായിട്ട് നമ്മുടെ വനങ്ങളിൽ നിന്ന് ലഭ്യമാക്കുന്നതാണ്. കാട്ടരുവിയും ഘനശ്യാമ വനങ്ങളും ഒരു ലഹരിയായി ഒരു ജീവിതചര്യയാക്കി വനസഞ്ചാരം ചെയ്യുന്ന ധാരാളം സഞ്ചാരികൾ നമ്മുടെ നാട്ടിൽ എത്താറുണ്ട്. അവർ ഇത് വാങ്ങിക്കൊണ്ടു പോകുന്നതിന് അമിതമായ ആഗ്രഹം പ്രകടിപ്പിക്കാറുണ്ട്. വനങ്ങളിൽ ധാരാളമായി കണ്ടുവരുന്ന ആയുർവേദ പച്ചമരുന്നുകൾ—കാടിന്റെ മക്കളായ ആദിവാസികൾക്ക് മാത്രമേ ഇത് തനതായിട്ട് തിരിച്ചറിയാൻ കഴിയുന്നുള്ളൂ. ഇത് കാടിന്റെ മക്കളായ ആദിവാസികൾക്ക് ഒരു തൊഴിലായിട്ട് മാറ്റുകയും ചെയ്യാം. കാട്ടിൽ വളർന്നു നിൽക്കുന്ന ആയുർവേദ പച്ചമരുന്നുകൾ യാതൊരു മായവും ചേരാത്തതാണ്. 97 ഇനങ്ങൾ പറഞ്ഞതിൽ ബഹുമാനപ്പെട്ട മന്ത്രി ഇത് ഉൾപ്പെടുത്തിയതായി കാണുന്നില്ല. ആയുർവേദ പച്ചമരുന്നുകൾ സ്വരൂപിക്കുകയും, ഇന്നു രുദ്രാക്ഷ വൃക്ഷങ്ങൾ—ഏറ്റവും കൂടുതൽ വിദേശികളെ ആകർഷിക്കുന്നുണ്ട്, ഈ സാളഗ്രാമ ശിലയെപ്പോലെ തന്നെ രുദ്രാക്ഷവൃക്ഷങ്ങൾ ധാരാളമായി നമ്മുടെ കാട്ടിൽ വളരുന്നുണ്ട്. ഇതെല്ലാംകൂടി സ്വരൂപിച്ചെടുത്ത് അതിനെ സംസ്ഥാന അടിസ്ഥാനത്തിൽ വനങ്ങൾ ഏറ്റവും കൂടുതലുള്ള ഭാഗങ്ങളുമായി ബന്ധിപ്പിച്ച് സഞ്ചാരികൾക്ക് ഇത് വാങ്ങിക്കൊണ്ട് പോകത്തക്കവണ്ണം സ്വരൂപിച്ച് വയ്ക്കുന്ന ഒരു ടൂറിസ്റ്റ് കോംപ്ലക്സ് ആയിട്ടുള്ള ഒരു സംവിധാനം സംസ്ഥാന അടിസ്ഥാനത്തിൽ തുടങ്ങുന്നതിനുള്ള സംവിധാനത്തെക്കുറിച്ച് ആലോചിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സുധാകരൻ: ബഹുമാനപ്പെട്ട അംഗം ഈ ആയുർവേദ മരുന്നുകൾ ഈ വനേതരലിസ്റ്റിൽ പെടുന്നില്ല എന്നുപറഞ്ഞത് വസ്തുതകൾക്ക് നിരക്കാത്തതാണ്. ഇതിനകത്ത് പറഞ്ഞിരിക്കുന്ന 97-എണ്ണത്തിനകത്ത് ഒട്ടു മിക്കതും ആയുർവേദ മരുന്നുകളാണ്. കിരിയാത്ത്, കീഴാർനെല്ലി, കുന്തിരിക്കം, കുറുന്തോട്ടി വേർ, കുമുഴിൻ വേർ, കൈതോന്നി, കുടംപുളി, കുപ്പുവെള്ള ഇതെല്ലാം മരുന്നുകളാണ്. ആയുർവേദ മരുന്നാണ്. 97 വിഭവങ്ങൾ ഉണ്ട്. ആ 97 എണ്ണവും കേരളത്തിലെ ആയുർവേദരംഗത്ത് സുലഭമായി ഉപയോഗിക്കുന്ന മരുന്നുകളാണ്. അതുകൊണ്ട് അതിന്റെ വിപണനത്തെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട അംഗം കാട്ടിയ വേവലാതിക്ക് അടിസ്ഥാനമില്ല.

ശ്രീമതി മാലേത്ത് സരളാദേവി: വനങ്ങളിൽനിന്നുള്ള ഏറ്റവും ആദായകരമായ കാര്യങ്ങൾ ഉൾപ്പെടെയുള്ളവ സംരക്ഷിക്കുന്നതിന്, അവ മോഷണം പോകുന്നത് തടയുന്നതിന് ഫോറസ്റ്റ് ഗാർഡുകളെയൊക്കെ നിശ്ചയിച്ചിട്ടുണ്ട്. അവർക്ക് കൂടുതൽ കാര്യങ്ങളിൽ ശ്രദ്ധ ചെലുത്താനും അവരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനും അവർക്ക് വനവിഭവങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് സംരക്ഷണം ഏർപ്പെടുത്താനുള്ള, നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. സുധാകരൻ: സർ, വനസംരക്ഷണം രണ്ടു തരത്തിലാണ്. ഒന്ന് വകുപ്പുതലത്തിലും മറ്റൊന്ന് വനസംരക്ഷണ സമിതികളിലൂടെ ജനപങ്കാളിത്തത്തിലൂടെയുമാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച രീതിയിലുള്ള വനംകൊള്ള ഇന്ന് കേരളത്തിലില്ല. യഥാർത്ഥത്തിൽ ജനങ്ങളുടെ കൈയ്യിൽ കേരളത്തിലെ വനം ഇന്ന് ഭദ്രമാണെന്നാണ് അനുഭവം.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, വനസംരക്ഷണ സമിതികൾ വളരെ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്, കേരളത്തിൽ എവിടേയും വനം കൊള്ളയില്ല എന്നാണ് ബഹുമാനപ്പെട്ട മന്ത്രി വിശദീകരിച്ചത്. എന്റെ നിയോജകമണ്ഡലത്തിലെ ദേലമ്പാടി പഞ്ചായത്തിൽ വനമുണ്ട്. അവിടത്തെ വനസംരക്ഷണ സമിതി അമിതമായ രാഷ്ട്രീയ വൽക്കരണത്തിന്റെ ഫലമായി ഫലപ്രദമായിട്ടല്ല പ്രവർത്തിക്കുന്നത്. കാടിനെപ്പറ്റി അറിയാവുന്ന ആദിവാസികളായിരുന്നു ഇതുവരെ വനസംരക്ഷകരായി ഉണ്ടായിരുന്നത്. 15-ഉം 20-ഉം വർഷങ്ങളായി ജോലി ചെയ്തിരുന്നവരെ മുഴുവനും മാറ്റിയിട്ട് ഇപ്പോൾ അവിടെ തെക്കൻ കേരളത്തിലുള്ള ഒരു സംഘം ആളുകൾ വനസംരക്ഷകരായിട്ട് ജോലി ചെയ്യുകയാണ്. കാടിനെക്കുറിച്ച് അവർക്ക് അറിയില്ല. വനവിഭവങ്ങൾ വ്യാപകമായി കൊള്ളയടിക്കുകയാണ്. ഇഷ്ടംപോലെ മരങ്ങൾ വെട്ടിമാറ്റപ്പെടുകയാണ്. ഈ സാഹചര്യത്തിൽ ആദിവാസി വിഭാഗങ്ങളിൽപ്പെട്ട ആളുകളെത്തന്നെ വനസംരക്ഷകരായി നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. സുധാകരൻ: ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോരതന്നെ കൊതുകിന് കൗതുകം. അതിനപ്പുറത്തൊരുത്തരത്തിന്റെ ആവശ്യമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. വനസംരക്ഷണത്തിന് പരമാവധി ആദിവാസികളെ ഉൾപ്പെടുത്തിയിട്ടുണ്ട്. ജില്ലയ്ക്ക് പുറത്തുള്ള ആരും വനസംരക്ഷണ സമിതിയിലില്ല.

വനസംരക്ഷണ സമിതിയിലുള്ളവർ പ്രാദേശിക തലത്തിലുള്ള ആളുകളാണ്. വനത്തിന്റെ സമീപത്തുള്ള ആദിവാസികൾ തന്നെയാണ് വനസംരക്ഷണ സമിതിയിൽ അംഗങ്ങളായിട്ടുള്ളത്. ദൂരെയുള്ളവർ വനസംരക്ഷണ സമിതിയിൽ അംഗങ്ങളായിട്ടുണ്ടെന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യത്തെക്കുറിച്ച് അന്വേഷിച്ച് ആവശ്യമെങ്കിൽ നടപടി സ്വീകരിക്കാം.

ശ്രീ. കെ. എൻ. എ. ഖാദർ: സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായി നട്ടുപിടിപ്പിക്കുന്ന വൃക്ഷങ്ങൾ മനുഷ്യർക്ക് വളരെയേറെ പ്രയോജനപ്പെടുന്നതും നല്ല വിലപിടിപ്പുള്ളതുമാകുന്നതാണ് എപ്പോഴും നല്ലത്. അതിന് പകരം സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായി നട്ടുപിടിപ്പിക്കുന്ന അക്കേഷ്യ പോലെയുള്ള ആസ്ത്രേലിയൻ മരങ്ങൾ മനുഷ്യർക്ക് ദോഷം ചെയ്യുന്നു എന്ന് പറഞ്ഞു കേട്ടിട്ടുണ്ട്. അതുകൊണ്ട് പ്രയോജനപ്രദമായ, നാട്ടിൽ ധാരാളമായി ഉപയോഗിക്കുന്ന വൃക്ഷങ്ങളുടെ തൈകൾ വനവൽക്കരണത്തിന്റെ ഭാഗമായി വച്ചുപിടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. സുധാകരൻ: മൂലചോദ്യവുമായി ബന്ധമില്ലാത്ത ചോദ്യമാണ്. വനവൽക്കരണ രംഗത്ത് അക്കേഷ്യ പോലെയുള്ള വൃക്ഷങ്ങൾ നടുന്നതിനെ സർക്കാർ പ്രോൽസാഹിപ്പിക്കുന്നില്ല. ആളുകൾക്ക് ഗുണകരമായ, സമൂഹത്തിനാവശ്യമായ മരങ്ങളാണ് ഇന്നത്തെ വനവൽക്കരണ പദ്ധതിയിൽ ഗവൺമെന്റ് ഉൾപ്പെടുത്തിയിരിക്കുന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: വനങ്ങളിലെ മരങ്ങൾ വെട്ടി വിൽക്കുമ്പോൾ, അത് വനങ്ങളിൽനിന്നും ഡിപ്പോകളിൽ കൊണ്ടു പോയിട്ടാണ് വിൽപന നടത്തുന്നത്. അങ്ങനെ ഡിപ്പോയിൽ കൊണ്ടുപോയി വിൽക്കുന്നതിനിടയ്ക്ക് ലേലം വിളിച്ചെടുക്കുന്ന ആളുകൾ തമ്മിൽ ഒരു സിൻഡിക്കേറ്റുണ്ടാക്കി നമ്മുടെ ഗവൺമെന്റിന് കിട്ടുന്ന വരുമാനം നഷ്ടപ്പെടുത്തുന്ന വിധത്തിൽ ഒത്തുകളി ഇതിനിടയ്ക്ക് നടക്കുന്നുണ്ട്. കണ്ണവം ഫോറസ്റ്റിൽനിന്നും മുറിച്ച മരം കണ്ണവത്തിനടുത്ത് ഡിപ്പോ ഉണ്ടായിരിക്കേ അവിടെക്കൊണ്ടുപോകാതെ കോഴിക്കോട് കൊണ്ടുപോയാണ് വിറ്റത് എന്ന ആക്ഷേപം വന്നിരിക്കുന്നു. ഇത്തരം ആക്ഷേപങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടി മുറിക്കുന്ന മരങ്ങൾ തൊട്ടടുത്ത ഡിപ്പോയിൽ വച്ച് വിൽപന നടത്താതെ, ദൂരെ സ്ഥലത്തേയ്ക്ക് കൊണ്ടു പോകുന്നതിനിടയിൽ നടക്കുന്ന തിരിമറി—ഇതാണ് കണ്ണവം വനത്തെ സംബന്ധിച്ചുണ്ടായിരിക്കുന്ന ആക്ഷേപം. 15 കോടി രൂപയുടെ മരം മുറിച്ചിട്ട് ഗവൺമെന്റിന് കിട്ടിയത് 7 കോടി രൂപ മാത്രമാണ്. ഇതിനിടയിൽ നടന്നിരിക്കുന്ന തട്ടിപ്പ് തടയുന്നതിനാവശ്യമായ ഫലപ്രദമായ എന്തെങ്കിലും പുതിയ സംവിധാനം ഏർപ്പെടുത്താൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

ശ്രീ. കെ. സുധാകരൻ: മരം ഡിപ്പോയിൽ എത്തിക്കുന്നത് മരത്തിന്റെ ആവശ്യമനുസരിച്ചാണ്. 32 ഡിപ്പോകൾ കേരളത്തിലുണ്ട്. കേരളത്തിലെ എല്ലാ ഡിപ്പോകളുടെ പരിസരത്തും വനമില്ല. അതുകൊണ്ടുതന്നെ കേരളത്തിൽ എവിടെനിന്നും പരമാവധി മരങ്ങൾ എല്ലാ ഡിപ്പോകളിലും എത്തിക്കും. കണ്ണവത്തെ മരം കോഴിക്കോട്ട് പോകും. നിലമ്പൂരിലെ മരം കോഴിക്കോട്ട് വരും. അല്ലെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

പാലക്കാട്ട് പോകും. അത് സ്വാഭാവികമാണ്. ആ രീതിയിൽ മരം കൊണ്ടുപോകുന്നത് തടയാൻ കഴിയില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവിന്റെ ഭയപ്പാടിനൊന്നും അടിസ്ഥാനമില്ല. കഴിഞ്ഞ വർഷങ്ങളിലെ മരം ലേലത്തിന്റെ വരുമാനം നോക്കിയാൽത്തന്നെ അത് ബോദ്ധ്യമാകും. 2003-04 വർഷത്തിൽ റെക്കോഡ് കളക്ഷനാണ്. 203.84 കോടി രൂപ. അതിന് മുമ്പ് 149 കോടി രൂപയായിരുന്നു. 2001-2002 വർഷത്തിൽ 113 കോടി രൂപയായിരുന്നു. 2000-01 വർഷത്തിൽ 141 കോടി രൂപയായിരുന്നു 1999-2000 വർഷത്തിൽ 112 കോടി രൂപയായിരുന്നു. ഈ വരുമാനത്തിലുണ്ടായിരിക്കുന്ന വർദ്ധനവ് ഈ ലേലത്തിനകത്ത് നടക്കുന്ന സുതാര്യമായ ഇടപാട് തന്നെയാണ്. അതിനകത്ത് ആർക്കും സംശയം വേണ്ട. രണ്ടാമത് അങ്ങ് സൂചിപ്പിച്ചതുപോലെ, മരത്തിന്റെ ഓക്ഷനും വിൽപ്പനയും നടക്കുന്നത് കാപ്പിക്കച്ചവടം നടത്തുന്ന ലാഘവത്തിലല്ല. മരം മുറിച്ചാൽ മരത്തിന് ഡിപ്പോയിൽ അക്കൗണ്ടുണ്ട്. കൂപ്പിൽത്തന്നെ അക്കൗണ്ടുണ്ട്. കൂപ്പിൽനിന്നും ഡിപ്പോയിലെത്തിയാൽ ഡിപ്പോയിലക്കൗണ്ടുണ്ട്. ഈ അക്കൗണ്ടുകളൊക്കെ സുതാര്യമായ പരിശോധനയ്ക്ക് വിധേയമാണ്. കണ്ണവത്തുനിന്നും പുറപ്പെട്ട മരം കോഴിക്കോട്ടെത്തിയോയെന്ന് പരിശോധിക്കാൻ സംവിധാനങ്ങളുണ്ട്. നമുക്കൊക്കെ ഇടപെട്ട് മരം കൊണ്ടുപോകാമെന്ന വ്യാകുലത അടിസ്ഥാന രഹിതമാണെന്ന് മാത്രമേ ഈ സന്ദർഭത്തിൽ പറയാനുള്ളൂ.

ശ്രീ. കെ. നാരായണക്കുറുപ്പ്: വനത്തിൽ നിന്നുള്ള വരുമാനത്തെപ്പറ്റി സംസാരിക്കുമ്പോൾ, വനമല്ലാത്ത പ്രദേശങ്ങളിൽ വനത്തിലുള്ള മരങ്ങൾ വച്ചു പിടിപ്പിക്കാൻ കഴിയും. പണ്ട് കൊച്ചി മഹാരാജാവ് റോഡിന്റെ വക്കിൽ മാവുകൾ നട്ടുപിടിപ്പിച്ച് ആദായമെടുക്കുമായിരുന്നു. തടിയും കിട്ടും. നമുക്കിന്ന് ഒരുപാട് പുറമ്പോക്ക് ഭൂമിയുണ്ട്. റോഡിന്റെ വക്കിൽ മാത്രമല്ല മറ്റ് സ്ഥലങ്ങളിലെല്ലാം ഗുണമുള്ള ആദായം കിട്ടുന്ന മരങ്ങൾ വച്ചു പിടിപ്പിച്ച് ശുശ്രൂഷിച്ചാൽ വനത്തിൽനിന്നുള്ള ആദായം നാട്ടിലും കിട്ടും. അതിനെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി ആലോചിക്കുമോ?

ശ്രീ. കെ. സുധാകരൻ: സാമൂഹ്യ വനവൽക്കരണ പദ്ധതിയുടെ ഭാഗമായ ഹരിതോൽസവം വഴി കേരളത്തിൽ ലക്ഷക്കണക്കിന് വൃക്ഷങ്ങളുടെ തൈകൾ പാതവക്കിലും, സ്കൂൾ കോമ്പൗണ്ടുകളിലും, സർക്കാർ ഓഫീസുകളിലും, പോലീസ് സ്റ്റേഷൻ വളപ്പിൽപ്പോലും ഈ വർഷം വച്ചുപിടിപ്പിച്ചു. എല്ലാ സ്ഥലങ്ങളിലും മരം വച്ചു പിടിപ്പിക്കുന്നതിനുള്ള നടപടികൾ ഭംഗിയായി നടക്കുന്നുണ്ട്.

ശ്രീ. എ. കെ. ബാലൻ: പ്രപഞ്ചത്തിലെ ശതകോടി നക്ഷത്രങ്ങൾക്കും ഗ്രഹങ്ങൾക്കുമിടയിൽ ജീവന്റെ തുടിപ്പ് നിൽക്കുന്ന ഗ്രഹമാണ് ഭൂമി. സസ്യങ്ങളും ജന്തുക്കളും തമ്മിലുള്ള പരസ്പര സഹകരണത്തിലൂടെയാണ് ഭൂമിയിൽ ജീവന്റെ ആധാരം. കേരളത്തിലെ ഭൂരിഭാഗം നദികളും ഉൽഭവിക്കുന്നത് ഷോളവനങ്ങളിൽ നിന്നുമാണ്. ഇന്ന് വനം നേരിടുന്ന ഏറ്റവും വലിയ പ്രശ്നം ഫ്രാഗ്മെന്റേഷൻ ആന്റ് ഡീഗ്രഡേഷനാണ്. ഇതുകൊണ്ട് സ്ഥായിയായി വനം ഇല്ലാതാകുന്നതിന്റെ ഭാഗമായി മൃഗങ്ങൾ പാലായനം ചെയ്യുന്നു. ഇത് സംരക്ഷിക്കാനുള്ള ശക്തമായ നടപടികൾ

LIBRARY ARCHIVES Kerala Legislative Assembly

നടത്തണമെന്ന് എസ്റ്റിമേറ്റ് കമ്മിറ്റിയുടെ ചെയർമാനായ ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ ശുപാർശ ചെയ്തിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മരങ്ങൾ മുറിച്ച് വിൽക്കലും അതിന്റെ ഭാഗമായി തർക്കവുമൊക്കെയുണ്ട്. ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എസ്റ്റിമേറ്റ് കമ്മിറ്റിയുടെ റിപ്പോർട്ട് ബഹുമാനപ്പെട്ട മന്ത്രി പരിശോധിച്ച് നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. സുധാകരൻ: ബഹുമാനപ്പെട്ട എ. കെ ബാലൻ സൂചിപ്പിച്ച ആരോപണം അടിസ്ഥാനരഹിതമാണ്. വസ്തുതകൾക്ക് നിരക്കാത്തതാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം അങ്ങനെ ഒരു മരം മുറി നടന്നിട്ടില്ല. ക്ലിയർ ഫെല്ലിംഗും സെലക്ഷൻ ഫെല്ലിംഗും കേരളത്തിലില്ല. വസ്തുതകൾ അറിയാതെ ആരോപണം ഉന്നയിക്കുന്നത് ശരിയല്ല. സർക്കാരിന്റെ വനത്തിൽനിന്ന് ഒരു തുണ്ട് മരംപോലും ക്ലിയർ ഫെല്ലിംഗിലൂടെയോ സെലക്ഷൻ ഫെല്ലിംഗിലൂടെയോ മുറിക്കാത്ത ഒരു സംസ്ഥാനത്ത് ഈ ഗവൺമെന്റ് മരം അനുസ്യൂതമായി മുറിക്കുന്നുവെന്ന ആരോപണം ശരിയല്ല. വീണുകിടക്കുന്ന മരം മാത്രമേ കാട്ടിൽനിന്ന് വനംവകുപ്പ് ശേഖരിക്കാറുള്ളൂ. അങ്ങനെ ഈ സംസ്ഥാനത്ത് മരം മുറിക്കുന്നുവെന്ന ആക്ഷേപം ശരിയല്ല. അങ്ങനെ മരം മുറിക്കാറില്ല. മരം മുറിക്കുന്നതുകൊണ്ട് ഡീഗ്രഡേഷനോ മറ്റെന്തെങ്കിലും ദോഷമോ വനത്തിന് ഉണ്ടായിട്ടില്ല എന്നതാണ് യാഥാർത്ഥ്യം.

ശ്രീ. ജോണി നെല്ലൂർ: ഇവിടെ വനങ്ങളിൽ നിന്നുള്ള പ്രതിവർഷ വരുമാനമാണ് ചോദ്യവിഷയം. ബഹുമാന്യനായ മന്ത്രി ഏതാനും കാര്യങ്ങൾ ഇവിടെ പറഞ്ഞു. വനത്തിലൂടെ ഒഴുകുന്ന നദികളിൽനിന്ന് മണൽ വാരാൻ അനുവാദം കൊടുത്ത് അതിൽനിന്ന് പണം ലഭിക്കുന്ന ഏർപ്പാട് കഴിഞ്ഞ കാലങ്ങളിലുണ്ടായിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അങ്ങനെ വനത്തിലൂടെ ഒഴുകുന്ന ആറ്റിൽനിന്ന് മണൽ വാരാൻ അനുവാദം കൊടുത്തിട്ടുണ്ടോ; അതിൽനിന്ന് വരുമാനം ലഭിക്കുന്നുണ്ടോ?

ശ്രീ. കെ. സുധാകരൻ: ജിയോളജിക്കൽ ഡിപ്പാർട്ടുമെന്റിന്റെ അപ്രൂവൽ കിട്ടിയ 13 കടവുകളിൽ നിന്ന് പൂഴി വാരാനുള്ള അനുമതി നൽകുന്നുണ്ട്. വളരെ കർശനമായ നിയന്ത്രണം ഏർപ്പെടുത്തികൊണ്ടാണ് പൂഴി വാരുന്ന സമ്പ്രദായം നടത്തികൊണ്ടിരിക്കുന്നത്. ഇതുസംബന്ധിച്ച് ഒരു പരാതിയും ഇതുവരെയില്ല എന്നുള്ളത് അതിന്റെ സുതാര്യത വെളിവാക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): ബഹുമാനപ്പെട്ട മന്ത്രിയുടെ തന്നെ കഴിഞ്ഞ ദിവസത്തെ മറുപടിയിൽ 1,12,000 ഏക്കർ ഭൂമി കയ്യേറ്റക്കാരുടെ കയ്യിലാണെന്ന് പറയുകയുണ്ടായി. ആ കയ്യേറ്റക്കാരുടെ കയ്യിലുള്ള ഭൂമിയിൽ എന്ത് സംഭവിക്കുന്നു എന്നുള്ളത് സ്വാഭാവികമായിട്ടും നോക്കാവുന്നതാണ്. അവിടെയൊന്നും ക്ലിയർ ഫെല്ലിംഗോ നിയമവിരുദ്ധ ഫെല്ലിംഗോ ഒന്നും നടക്കുന്നില്ലെന്ന് മന്ത്രിക്ക് എങ്ങനെ അവകാശവാദം ഉന്നയിക്കാൻ കഴിയുമെന്ന് മനസ്സിലാകുന്നില്ല. 1,12,000 ഏക്കർ സ്ഥലത്ത് അങ്ങനെ കയ്യേറിയവരെ ഇറക്കാതെ വനവിഭവങ്ങളിൽനിന്നുള്ള വരുമാനം എങ്ങനെയാണ് വർദ്ധിക്കുന്നത്. അതിനുള്ള എന്ത് നടപടികളാണ് മന്ത്രിയുടെ നേതൃത്വത്തിൽ സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കേണ്ടതുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സുധാകരൻ: കയ്യേറ്റ ഭൂമിയിൽനിന്ന് കൈവശക്കാരെ ഒഴിപ്പിക്കാനുള്ള നടപടി ഈ ഗവൺമെന്റ് നടത്തിവരുന്നു. കഴിഞ്ഞ ഒരു വർഷക്കാലം കൊണ്ട് കയ്യേറിയ ഭൂമിയുടെ കണക്ക് നിയമസഭയിൽ ഞാൻ പറഞ്ഞിട്ടുണ്ട്. കയ്യേറ്റക്കാരെ താഴെയിറക്കാനുള്ള സാങ്കേതികമായ തടസ്സം കയ്യേറ്റക്കാർക്കുള്ള രാഷ്ട്രീയ പിൻബലവും പിൻതുണയുമാണ്. സംസ്ഥാനത്ത് അതിശക്തിമത്തായ രീതിയിൽ കയ്യേറ്റം നടക്കുന്നു. സി.പി.എം.-ന്റെ നേതൃത്വത്തിലുള്ള ആദിവാസി ക്ഷേമസമിതിയുടെ കൈവശം വയനാട്ടിലെ ഏതാണ്ട് 500-ഓളം ഹെക്ടർ ലാൻഡ് ഉണ്ട്. അതുകൊണ്ട് തന്നെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോട് കൂടി ഞാൻ അപേക്ഷിക്കുന്നു, വനം കയ്യേറ്റക്കാരെ താഴെയിറക്കാനുള്ള സർക്കാരിന്റെ നടപടിയിൽ പ്രതിപക്ഷം കൂടി സഹകരിക്കണം. പലയിടങ്ങളിലും കയ്യേറ്റക്കാരെ ഇറക്കാൻ പോകുമ്പോൾ ഏറ്റവും വലിയ സമ്മർദ്ദവും ശുപാർശയുമായി കടന്നുവരുന്നത് പ്രതിപക്ഷത്ത് നിന്നും ഭരണപക്ഷത്ത് നിന്നുമുള്ള എം.എൽ.എ.-മാരും നേതാക്കൻമാരുമാണ്. അവരുടെയെല്ലാം സഹകരണമുണ്ടെങ്കിൽ മാത്രമേ കയ്യേറ്റക്കാരെ കയ്യേറ്റ ഭൂമിയിൽനിന്ന് ഇറക്കിവിടാൻ സാധിക്കു. അതിന് ഭരണപക്ഷവും പ്രതിപക്ഷവും രാഷ്ട്രീയ നേതാക്കൻമാരും നിയമസഭാ സാമാജികരും ജനപ്രതിനിധികളും സഹകരിക്കണമെന്നാണ് ഗവൺമെന്റിന് അപേക്ഷിക്കാനുള്ളത്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, നമ്മുടെ വനസമ്പത്ത് നഷ്ടപ്പെടുന്നതിന് ഒരു പ്രധാനപ്പെട്ട കാരണമാണ് കാട്ടുതീ. കാട്ടുതീയുടെ ഫലമായി എത്രയോ വനസമ്പത്ത് നഷ്ടപ്പെടുന്നു. കാട്ടുതീ ഇല്ലാതാക്കുന്നതിനും തടയുന്നതിനും അങ്ങനെ ഉണ്ടാവുകയാണെങ്കിൽ തന്നെ അത് പ്രായോഗികമായി തടയുന്നതിനുമൊക്കെ ധാരാളം നൂതനമായ സാങ്കേതിക വിദ്യകൾ ലോകത്തിന്റെ പല ഭാഗത്തും പരീക്ഷിക്കുന്നതായിട്ട് മനസ്സിലാക്കുന്നുണ്ട്. നമുക്ക് ഈ കാട്ടുതീയുടെ വിപത്ത് എത്രത്തോളമുണ്ട്; അത് ലഘൂകരിക്കുന്ന കാര്യത്തിൽ വല്ല നടപടിയും സ്വീകരിക്കാൻ സാധിക്കുമോ?

ശ്രീ. കെ. സുധാകരൻ: കാട്ടുതീ നിയന്ത്രിക്കുന്നതിനുള്ള ആധുനിക സംവിധാനം വാസ്തവത്തിൽ ഇന്ന് എവിടെയുമില്ല. കേരളത്തിലെന്നല്ല ഇൻഡ്യയിൽ നമ്മൾ അനുവർത്തിച്ചുവരുന്ന നയം വളരെ പ്രാകൃതമായ, പണ്ട് കാലം മുതൽ നടക്കുന്ന പച്ച മരക്കൊമ്പുകൾ വെട്ടി തച്ച്കെടുക്കുന്ന സമ്പ്രദായമാണ്. ഇതാണ് ഇന്ന് കേരളത്തിലെ വനംവകുപ്പിൽ പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുന്നത്. അതിന് ആധുനികമായ എന്തെങ്കിലും സംവിധാനമുണ്ടോയെന്ന് ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. വിദേശപര്യടനം കഴിഞ്ഞ് തിരിച്ചെത്തിയ ഉദ്യോഗസ്ഥൻമാരോട് ഞങ്ങൾ ചോദിച്ചു. അവിടെ എവിടെയും ഇതിന് നൂതനമായ, ശാസ്ത്രീയമായ ഒരു സമീപനം ഉണ്ടെന്ന അറിവ് ഗവൺമെന്റിന്റെ ശ്രദ്ധയിൽ ഇല്ല. അങ്ങനെ വല്ല സംവിധാനവുമുണ്ടെന്ന് ഗവൺമെന്റിന് ബോദ്ധ്യം വന്നാൽ അത് ഇവിടെ നടപ്പിലാക്കാൻ ഗവൺമെന്റിന് യാതൊരു മടിയുമില്ല. അത് പ്രാവർത്തികമാക്കും.

ശ്രീ. എം. വി. ജയരാജൻ: സർ, എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ രണ്ടാമത് റിപ്പോർട്ടിൽ ഒരുകാര്യം വളരെ വ്യക്തമായി പറയുന്നുണ്ട്. സർക്കാർ ഖജനാവിലേയ്ക്ക് വനങ്ങൾ നൽകുന്ന വരുമാനത്തേക്കാൾ എത്രയോ കൂടുതലാണ് അവയുടെ സാമൂഹിക

സംഭാവനയും പരിസ്ഥിതി സംരക്ഷണത്തിൽ അവയ്ക്കുള്ള പ്രാധാന്യവും എന്ന് വ്യക്തമായി ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ ചെയർമാനായ എസ്റ്റിമേറ്റ്സ് കമ്മിറ്റി പറഞ്ഞിരിക്കുകയാണ്. അങ്ങ് പറയുന്നത്, വനവിഭവങ്ങൾ, മരങ്ങൾ എന്നിവ മുറിച്ച് അവിടെ നിന്ന് മാറ്റി തുടർന്ന് വിൽപ്പന നടത്തിയതിന്റെ ഫലമായി ഗവൺമെന്റിലേയ്ക്ക് കാശ് കിട്ടുന്നു എന്നതാണ്. അത് കേമത്തരമല്ല. അതുകൊണ്ട് അങ്ങയോട് ചോദിക്കാനുള്ളത്, ആദിവാസികളെ അവിടെ നിന്ന് ഒഴിപ്പിക്കുന്നത് ശരിയല്ല. കാടിന്റെ മക്കളെ കാട്ടിൽ നിന്ന് അടിച്ചോടിച്ച് ഒരു നിലയിലും നാടിന് മുന്നോട്ട് പോകാൻ കഴിയില്ല. ആദിവാസികൾ ഒഴിച്ച് ഭൂമി കയ്യേറിയ അനാദിവാസികളായ ഭൂമി കയ്യേറ്റക്കാരെ വനത്തിൽനിന്ന് മാറ്റുന്നതിനുള്ള സകല പിന്തുണയും പ്രതിപക്ഷവും ഭരണപക്ഷവും തരും. ഈ വിഭാഗത്തിൽപ്പെട്ടവരെ അവിടെനിന്ന് മാറ്റാൻ അങ്ങ് തയ്യാറാകുമോ?

<u>ശ്രീ. കെ. സുധാകരൻ:</u> ശ്രീ. ജയരാജൻ സൂചിപ്പിച്ചതുപോലെ വരുമാനം ഉണ്ടാക്കുന്നത് വനത്തിൽനിന്നുള്ള മരം മുറിച്ചല്ല. ഞാനത് ആവർത്തിച്ച് വ്യക്തമാക്കിയിട്ടുണ്ട്. മരം മുറിക്കാനായി മരം വച്ചുപിടിപ്പിക്കുന്ന പ്ലാന്റേഷനുകളിലെ മരം മുറിച്ചാണ് വരുമാനമുണ്ടാക്കുന്നത്. അതല്ലാതെ മുറിക്കാൻ പാടില്ലാത്ത വനത്തിലെ മരം മുറിച്ചല്ല. ഇവിടെ ക്ലിയർ ഫെല്ലിംഗോ സെലക്ഷൻ ഫെല്ലിംഗോ ഇല്ലെന്ന് ഞാൻ പറഞ്ഞു. ഞാനത് ആവർത്തിച്ചു പറഞ്ഞിട്ടും ശ്രീ. ജയരാജൻ പിന്നെയും പഴയ കാര്യം ആവർത്തിക്കുന്നത് സങ്കടകരമാണ്. ഭരണപക്ഷത്തിന്റെയും പ്രതിപക്ഷത്തിന്റെയും പിൻബലമുണ്ടെങ്കിൽ ഏത് കൈവശക്കാരന്റെ കയ്യിൽനിന്നും വനഭൂമി ഒഴിപ്പിച്ചെടുക്കാൻ ഗവൺമെന്റിന് ഒരു മടിയുമില്ല. ഒരു വനം കയ്യേറ്റത്തെയും ഗവൺമെന്റ് പ്രോത്സാഹിപ്പിക്കില്ല. കർശനമായ നടപടിയെടുത്ത് മുന്നോട്ട് പോകുന്നതുകൊണ്ട് കഴിഞ്ഞ കാലങ്ങളിൽ എത്രയോ കയ്യേറ്റ ഭൂമി തിരിച്ചെടുക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്.

<u>ശ്രീ. സി. പി. മുഹമ്മദ്:</u> വൈൽഡ് ലൈഫ് സാങ്ച്വറികളിൽ നിലവിൽ എം.എഫ്.പി കളക്ഷൻ നടത്താൻ ആരെയെങ്കിലും അനുവദിക്കാറുണ്ടോ; ഉണ്ടെങ്കിൽ മൃഗങ്ങളുടെ ആവാസ വ്യവസ്ഥയ്ക്ക് കോട്ടം തട്ടാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

<u>ശ്രീ. കെ. സുധാകരൻ:</u> വൈൽഡ് ലൈഫ് സാങ്ച്വറികളിൽ എം.എഫ്.പി കളക്ഷൻ ഇപ്പോൾ അനുവദിക്കുന്നില്ല. മുമ്പുണ്ടായിരുന്നു. ഇപ്പോൾ സുപ്രീം കോടതിയിലെ, ഐ.എ.548 റിട്ട് പെറ്റീഷൻ 2002 സുപ്രീം കോടതി വിധി പ്രകാരം വൈൽഡ് ലൈഫ് സാങ്ച്വറികളിൽ ആർക്കും വനേതര വിഭവങ്ങൾ ശേഖരിക്കാൻ അധികാരമില്ല. അതനുസരിച്ച് ഫോറസ്റ്റ് ആക്റ്റിൽ ഭേദഗതിയും വന്നു. അതുകൊണ്ട് തന്നെ കേരളത്തിലെ വൈൽഡ് ലൈഫ് സാങ്ച്വറികളിൽപ്പെട്ട 25 റെയ്ഞ്ചുകളിൽ വനേതര വിഭവങ്ങൾ ശേഖരിക്കാനുള്ള അനുമതി ആർക്കും നൽകിയിട്ടില്ല.

<u>ശ്രീ. മഞ്ഞളാംകുഴി അലി:</u> പാട്ടത്തിന് കൊടുത്ത വനഭൂമിക്ക് ഏക്കർ ഒന്നിന് 1.50 രൂപയാണ് പാട്ടം എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ഇതുതന്നെ പലപ്പോഴും പിരിഞ്ഞുകിട്ടുന്നില്ല. ഈ ഇനത്തിൽ എത്ര സംഖ്യ പിരിഞ്ഞുകിട്ടാനുണ്ട്; എത്ര കുടിശ്ശികയാണ് നമുക്ക് ബാക്കി നിൽക്കുന്നത്; ഒരു വർഷം എത്രയാണ് പിരിഞ്ഞുകിട്ടുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സുധാകരൻ: ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് ഒരു യാഥാർത്ഥ്യമാണ്. മഹാരാജാക്കൻമാരുടെ കാലത്ത് ഭൂമി പാട്ടത്തിന് കൊടുത്ത വകയിൽ ഒന്നര മുതൽ അഞ്ച് രൂപ വരെയാണ് ഹെക്ടറിന്റെ വാടക. അത് പുതുക്കി വർദ്ധിപ്പിക്കാൻ ഗവൺമെന്റ് തത്വത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. നിയമത്തിൽ ചെറിയൊരു ടെക്നിക്കൽ റെക്റ്റിഫിക്കേഷൻ ആവശ്യമായി വന്നതാണ് ഇതിനുള്ള കാലവിളംബം. ഇതുവരെ തോട്ട വ്യവസായത്തിലുള്ള പാട്ടകുടിശ്ശിക 58 കോടി രൂപ സർക്കാരിന് പിരിഞ്ഞുകിട്ടാനുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സാമൂഹിക വനവൽക്കരണത്തിന്റെ അടിസ്ഥാനത്തിൽ ധാരാളം സ്ഥലങ്ങളിൽ നമ്മൾ വനങ്ങൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. അതിന്റെ ഒരു ദോഷവശം ജനങ്ങൾ അനുഭവിക്കുകയാണ്. ഈ
9.00 a.m.] മരങ്ങളിൽ പലതും വളരെ വലിയ മരങ്ങളായി മാറി. പക്ഷേ ഇതിൽ പലതും ഒടിഞ്ഞു വീണ് വെട്ടിമാറ്റാൻ പറ്റാത്ത സാഹചര്യം നിലനിൽക്കുകയാണ്. ഫോറസ്റ്റ് അധികൃതരുമായി ബന്ധപ്പെട്ടപ്പോൾ അവർ പറയുന്നത് നിയമത്തിന്റെ അടിസ്ഥാനത്തിൽ അവർക്ക് കുറെ ഫോർമാലിറ്റീസ് കംപ്ലൈ ചെയ്യാതെ ഇതൊന്നും വെട്ടിമാറ്റാൻ പറ്റില്ല എന്നാണ്. പ്രത്യേകിച്ച് കെ.ഐ.പി.-യിലെ ചില ഭൂമികളിൽ കനാലുമായി ബന്ധപ്പെട്ട സ്ഥലങ്ങളിൽ ഈ സോഷ്യൽ ഫോറസ്റ്ററിയുടെ ഭാഗമായി വന്നിട്ടുള്ള ഒടിഞ്ഞുവീണ മരങ്ങൾ അടിയന്തിരമായി വെട്ടി മാറ്റി ജനങ്ങൾക്ക് സൗകര്യം ഉണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. സുധാകരൻ: സർ, സാമൂഹിക ജീവിതത്തിന് ഭീഷണിയാകുന്ന ഏത് മരം മുറിക്കാനും നിയമത്തിൽ വ്യവസ്ഥയുണ്ട്. അങ്ങനെ വല്ല പ്രശ്നങ്ങളും ഉണ്ടെങ്കിൽ അത് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ ശ്രദ്ധയിൽ പെടുത്തിയാൽ നിയമാനുസരണം തന്നെ അത് നീക്കാനുള്ള നടപടി ഗവൺമെന്റ് ഭാഗത്തു നിന്നുണ്ടാകും.

ഡോ: എ. നീലലോഹിതദാസൻ നാടാർ: സർ, വനങ്ങളിൽനിന്ന് ലഭിക്കുന്ന പ്രതിവർഷ വരുമാനമാണ് ചോദ്യം. പ്രതിവർഷമോ അഞ്ചു വർഷത്തിലോ അങ്ങനെ ഒരു ഹ്രസ്വകാല അളവിൽ ലഭിക്കുന്ന വരുമാനമെന്നുള്ളതിന് ഉപരി ശാശ്വതമായ ജലസ്രോതസുകൾ സംരക്ഷിച്ചും പ്രകൃതിയെ സംരക്ഷിച്ചും പരിസ്ഥിതിയെ സംരക്ഷിച്ചും മാനവരാശിക്കുവേണ്ടി വന സംരക്ഷണത്തിലൂടെ ലഭിക്കുന്ന മഹത്തായ സംഭാവനയുടെ അടിസ്ഥാനത്തിൽ ഈ പ്രശ്നത്തെ സമീപിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. സുധാകരൻ: സർ, അങ്ങയുടെ നിർദ്ദേശം ആകർഷണീയമാണ്. പക്ഷേ സാമൂഹിക ജീവിതത്തിന്റെ ഭാഗമാണ് മരത്തിന്റെ ഉപയോഗം. 100 ശതമാനം ഇത് വിസ്മരിച്ചുകൊണ്ട് നമ്മൾ ഇന്നത്തെ കാലഘട്ടത്തിൽ സാമൂഹിക ജീവിതം സാധ്യമാകുമോ എന്ന് പരിശോധിക്കേണ്ട കാര്യമാണ്. ഏതായാലും പരമാവധി മരങ്ങളെ സംരക്ഷിക്കാനും അത് മുറിച്ച് മാറ്റാതിരിക്കാനും ഉള്ള നടപടികൾ സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ട്. പരമാവധി പ്രകൃതിയെ സംരക്ഷിക്കുന്ന നടപടികൾ ഗവൺമെന്റ് ഭാഗത്തുനിന്നുണ്ടാകും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. തോമസ്: സർ, ഇടുക്കി എറണാകുളം ജില്ലയുടെ ഭാഗമായി കിടക്കുന്ന കുട്ടമ്പുഴ വനം മേഖലയിൽ ധാരാളം ഈറ്റയും മുളയും വനവിഭവങ്ങളായി ശേഖരിക്കാറുണ്ട്. വളരെ വർഷങ്ങളായി ചില കുത്തക കോൺട്രാക്ടർമാർ വളരെ ബോധപൂർവ്വമായി ഈറ്റയുടേയും മുളയുടേയും ലേലത്തെ സ്വാധീനിക്കുകയും വളരെ വില കുറഞ്ഞ നിലയിൽ അത് കൈക്കലാക്കുകയും ചെയ്യുന്നതായി പരാതിയുണ്ട്. അതുകൊണ്ട് കുട്ടമ്പുഴ വനമേഖലയിലെ ഈറ്റ, മുള ലേലം സംബന്ധിച്ച് കഴിഞ്ഞ മൂന്നു നാല് വർഷമായി നടന്ന ലേലത്തെക്കുറിച്ച് അന്വേഷണം നടത്തി വരുംവർഷങ്ങളിൽ ഫലപ്രദമായി ലാഭം കിട്ടത്തക്ക രീതിയിൽ ഒരു നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ?

ശ്രീ. കെ. സുധാകരൻ: സർ, ലേലം എന്നു പറയുന്നത് പബ്ലിക്ക് ഓക്ഷനാണ്. അതിനകത്ത് ലേലം കൊള്ളാൻ വരുന്നവർ ഒരുമിച്ച് യോജിച്ച് സർക്കാരിനെ തോല്പിക്കാൻ കുറഞ്ഞ റേറ്റിൽ ലേലം കൊണ്ടാൽ പോലും അത്തരം ലേലം കൺഫേം ചെയ്യണമെങ്കിൽ ഡിപ്പാർട്ടുമെന്റിന് അതിന്റേതായ ചില മാനദണ്ഡങ്ങളുണ്ട്. എല്ലാ മരങ്ങൾക്കും എല്ലാ തടികൾക്കും എല്ലാ സാധനങ്ങൾക്കും വനവിഭവങ്ങൾക്കും ഒരു മാർക്കറ്റ് റേറ്റ് നിശ്ചയിച്ചിട്ടുണ്ട്. ആ മാർക്കറ്റ് റേറ്റിൽ കുറവാണെങ്കിൽ അത്തരം ലേലം കൺഫേം ചെയ്യാറില്ല. അതുകൊണ്ട് ഗവൺമെന്റ് നിശ്ചയിച്ച വകുപ്പ് നിശ്ചയിച്ച മിനിമം മാർക്കറ്റ് റേറ്റ് കിട്ടാതെ ഒരു ലേലത്തിനും സ്ഥിരീകരണം നൽകാറില്ല എന്നതുകൊണ്ടുതന്നെ ലേലത്തിൽ ക്രമക്കേട് നടക്കുന്നു എന്ന വാദം നിരർത്ഥകമാണ്.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, ശതകോടി ഗ്രഹങ്ങളിൽ ഒരു ഗ്രഹമാണ് ഭൂമിയെന്നും ഭൂമിയുടെ പാരിസ്ഥിതികമായ നിലനിൽപ്പിന് വനങ്ങൾക്ക് നിർണ്ണായകമായ പങ്കുണ്ടെന്നും ശ്രീ. എ.കെ. ബാലൻ ഇവിടെ സൂചിപ്പിക്കുകയുണ്ടായി, അങ്ങ് ചോദ്യോത്തര വേളയിൽ നിരവധി ചോദ്യങ്ങൾക്ക് ഉത്തരം പറയുമ്പോൾ കേരളത്തിൽ മരം വെട്ട് നടക്കുന്നില്ല എന്നു പറഞ്ഞു. അത് കർശനമായി നിയന്ത്രിച്ചിരിക്കുന്നു എന്നെല്ലാം ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഉൾവനങ്ങളിൽ ആകാശം മുട്ടിനിൽക്കുന്ന വലിയ മരങ്ങൾ വെട്ടി മാറ്റി കഞ്ചാവ് ലോബി അതിഭീകരമായ രീതിയിലുള്ള കഞ്ചാവ് കൃഷി കേരളത്തിന്റെ വനാന്തരങ്ങളിൽ നടത്തുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? ഇത് തടയുന്നതിന് ആവശ്യമായ ശക്തമായിട്ടുള്ള നടപടി സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടാകുമോ ?

ശ്രീ. കെ. സുധാകരൻ: സർ, കേരളത്തിന്റെ വനമേഖലയിൽ കഞ്ചാവ് കൃഷി ഇല്ല എന്നു പറയാനുള്ള മൗഢ്യം എനിക്കില്ല. കഞ്ചാവ് കൃഷിയുണ്ട്. പക്ഷേ അത് ഭീകരമായ അവസ്ഥയിൽ ഉണ്ട് എന്ന വാദത്തോട് എനിക്ക് യോജിപ്പില്ല. എങ്കിൽപ്പോലും കേരളത്തിന്റെ ഏറ്റവും നല്ല വരുമാന മാർഗ്ഗം എന്നുള്ള നിലയിൽ കഞ്ചാവ് കൃഷിയിലേയ്ക്ക് കുറെ ആളുകളെ ആകർഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നു എന്നത് യാഥാർത്ഥ്യമാണ്. അതിന് ഇന്നലെ നിയമസഭയിൽ പ്രസംഗിച്ചപ്പോൾ പറഞ്ഞിരുന്നു, ഇന്ത്യയിൽ ആദ്യമായി ഒരു ടാസ്ക് ഫോഴ്സ് കേരളത്തിൽ

ഉണ്ടാവുകയാണ്. വളരെ ശാസ്ത്രീയമായി നല്ല പരിശീലനം കൊടുത്ത് തെരഞ്ഞെടുക്കപ്പെട്ട ആളുകളെവച്ചുകൊണ്ട് വനം വകുപ്പിലെയും പോലീസിന്റേയും എക്സൈസിന്റേയും സേനാംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഇന്ത്യയിലെ ആദ്യത്തെ ടാസ്ക് ഫോഴ്സ് കേരളത്തിൽ ഉണ്ടാക്കാൻ പോവുകയാണ്. വരുന്ന ഏതാനും മാസങ്ങൾക്കുള്ളിൽ അതു രൂപീകരിക്കും.

ശ്രീ. എ. എൻ. രാജൻ ബാബു: സർ, സംസ്ഥാനത്തിന്റെ മൊത്തം റവന്യൂ വരുമാനത്തിൽ തനത് നികുതിയേതര വരുമാനം എന്നുപറയുന്നത് ആറ് മുതൽ എട്ട് ശതമാനംവരെ മാത്രമാണ്. ഈ നികുതിയേതര വരുമാനത്തിന്റെ പ്രധാന സ്രോതസ് വനമേഖലയിൽ നിന്നാണ്. ഏതാണ്ട് 20 മുതൽ 23 ശതമാനംവരെ വരും. എന്നാൽ അതിന്റെ വളർച്ചാ നിരക്ക് വളരെ കുറവാണ്. ഒന്നേകാൽ ശതമാനം എന്നാണ് കണക്ക്. അതുകൊണ്ട് ആ വളർച്ചാ നിരക്ക്, വരുമാനം വർദ്ധിപ്പിക്കുന്നതിന് നാണ്യവിളകൾ കൃഷി ചെയ്യാം, അതുപോലെ തന്നെ നശിച്ചുപോയ വനങ്ങൾ റീപ്ലാന്റ് ചെയ്യാം. ഇങ്ങനെ വരുമാനം വർദ്ധിപ്പിക്കുന്ന കാര്യവും അതു കൂടാതെ മറ്റ് ഏതെങ്കിലും കാര്യങ്ങളും സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. കെ. സുധാകരൻ: സർ, വരുമാന മാർഗ്ഗം ഉണ്ടാകാൻ തോട്ടങ്ങളിലെ മരങ്ങൾ മുറിക്കുമ്പോൾ ഒരു മരം മുറിക്കുമ്പോൾ പകരം ഒരു വർഷത്തിനുള്ളിൽ മറ്റ് ഒരു മരം വച്ചുപിടിപ്പിക്കുക എന്ന മാനേജുമെൻറ് വർക്കിംഗ് പ്ലെയിൻ അംഗീകരിച്ചുകൊണ്ടാണ് ഇവിടെ മരം മുറി നടക്കുന്നത്. അതുകൊണ്ട് എത്ര മരം മുറിക്കുന്നുവോ മുറിക്കുന്ന മരത്തിന് തത്തുല്യമായി മരങ്ങൾ വച്ചു പിടിപ്പിക്കുന്നു എന്നതാണ് യാഥാർത്ഥ്യം. അതുകൊണ്ട് ഒരിക്കലും വനത്തിന്റെ വളർച്ചയിൽ കുറവുണ്ടാകാൻ സാധ്യതയില്ല. കാരണം മരങ്ങൾ മുറിക്കുന്നതിനുപകരം മറ്റ് മരങ്ങൾ വച്ചുപിടിപ്പിക്കുന്നു. പിന്നെ കാടുകളിൽ മറിഞ്ഞു വീഴുന്ന മരങ്ങൾ സ്വഭാവികമായും പ്രകൃതിതന്നെ അതിന് പരിഹാരം ഉണ്ടാക്കും എന്നാണ് ശാസ്ത്രം പറയുന്നത്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, വനസംരക്ഷണത്തിന് ആദിവാസികളുടെ സേവനം ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട ചോദ്യം ഇവിടെ ഉന്നയിക്കുകയുണ്ടായി. എനിക്ക് മുമ്പ് തന്നെ ഒരു ചോദ്യം മന്ത്രിയോട് ചോദിച്ചപ്പോൾ നിങ്ങളുടെ കാലത്ത് നിങ്ങളുടെ ആളെയും ഞങ്ങളുടെ കാലത്ത് ഞങ്ങളുടെ ആളെയും നിശ്ചയിക്കുകയാണ് ചെയ്തിട്ടുള്ളതെന്ന് പരസ്യമായിട്ട് ഇവിടെ പറഞ്ഞിട്ടുള്ളതാണ്. ആദിവാസികളെ മാറ്റിയിട്ട് സുധാകരേട്ടന്റെ ആളാണെന്ന് സ്വയം വിശേഷിപ്പിച്ചുകൊണ്ട് അവിടെ പോയി ജോലി ചെയ്യുന്നവരും അതുപോലെ തീരപ്രദേശത്തുള്ള ആളുകളും അവിടെയുണ്ട്. സ്വാഭാവികമായിട്ടും അവരെ ഒഴിവാക്കിയിട്ട് നിങ്ങളുടെ ആളുകളായ ആദിവാസികളെയെങ്കിലും അവിടെ നിയമിക്കണം. ഇവിടെ ശ്രീ. കുട്ടപ്പൻ മന്ത്രിയായിട്ട് ഇരിക്കുകയാണ്. ആദിവാസികളായിട്ടുള്ള ഈ പാവപ്പെട്ട മനുഷ്യന്മാരെ ഈ സുധാകരേട്ടന്റെ ആളെമാറ്റി അവിടെ നിശ്ചയിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സുധാകരൻ: സർ, ശ്രീ. എം. വി. ഗോവിന്ദൻമാസ്റ്റർ പറഞ്ഞ നിർദ്ദേശം ഗവൺമെന്റ് ഗൗരവപൂർവ്വം പരിഗണിക്കും. ഇന്ന് നിലവിൽ ആദിവാസികളാണ് ഏറെയും. ഇനി അവശേഷിക്കുന്ന ആദിവാസികൾ പരിസരപ്രദേശങ്ങളിൽ ഉണ്ടെങ്കിൽ അവർക്ക് ജോലി കൊടുത്തിരിക്കണമെന്ന് വനം വകുപ്പ് ഉദ്യോഗസ്ഥന്മാർക്ക് കർക്കശമായി നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രാദേശിക തലങ്ങളിലെ മുഴുവൻ ആദിവാസികളെയും വനസംരക്ഷണ പ്രവർത്തനങ്ങളിൽ ഉൾക്കൊള്ളിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. കെ. സി. വേണുഗോപാൽ: സർ, വനേതര ഉല്പന്നങ്ങൾ ട്രൈബൽ സൊസൈറ്റികൾ മുഖാന്തിരമാണ് കൊടുക്കുന്നതെന്ന് സൂചിപ്പിച്ചു. ഈ ട്രൈബൽ സൊസൈറ്റികൾക്കുള്ള പ്രശ്നം ഈ വനേതര ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്ന സ്ഥലത്തുനിന്നുതന്നെ ആദിവാസികളുടെ കൈയിൽനിന്ന് ഇടത്തട്ടുകാർ വന്നു വാങ്ങിച്ചുകൊണ്ടു പോകുന്ന അനുഭവമാണ് പല സ്ഥലത്തുമുള്ളത്. ട്രൈബൽ സൊസൈറ്റികൾക്ക് ഫലപ്രദമായി പ്രവർത്തിക്കാൻ സാധിക്കുന്നില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. ഇത് മനസ്സിലാക്കിക്കൊണ്ട് ഈ ട്രൈബൽ സൊസൈറ്റികളെ സ്ട്രെങ്തൺ ചെയ്യാനും വനേതര ഉല്പന്നങ്ങൾ, വളരെ അപൂർവ്വമായി കിട്ടുന്ന ഔഷധങ്ങൾ നിലനിർത്താനും അങ്ങ് നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. സുധാകരൻ: സർ, ബഹുമാനപ്പെട്ട കെ. സി. വേണുഗോപാൽ പറഞ്ഞത് ഒരു യാഥാർത്ഥ്യമാണ്. ഇന്ന് ഞങ്ങൾ ട്രൈബൽ സൊസൈറ്റിക്ക് വനേതര വിഭവങ്ങൾ സൗജന്യമായിട്ടാണ് കൊടുക്കുന്നത്. പക്ഷേ സൗജന്യമായിട്ട് കൊടുത്തിട്ടും അവരുടെ വാർഷിക വരുമാനം എന്ന് പറയുന്നത് രണ്ട് കോടി-മൂന്ന് കോടിക്ക് മദ്ധ്യേയാണ്. ഒരു ഹെക്ടറിന് 100 രൂപ വാടക നിശ്ചയിച്ചാൽ പോലും ഏതാണ്ട് 10 കോടി രൂപ ഈ ട്രൈബൽ സൊസൈറ്റികളുടെ കൈയിൽ വരുമാനം ഉണ്ടാകണം. അത് ഉണ്ടാകുന്നില്ല. അത് അങ്ങ് സൂചിപ്പിച്ച രീതിയിൽ മദ്ധ്യവർദ്ധികൾ ഈ സാധനങ്ങൾ തട്ടിക്കൊണ്ടു പോകുന്നു എന്നുള്ളതിന് തെളിവാണ്. ഏത് രീതിയിലാണ്. ഇതിന് പരിഹാരം ഉണ്ടാക്കാൻ സാധിക്കുക എന്ന് ബന്ധപ്പെട്ട വകുപ്പുകളുമായി ചർച്ച നടത്തി അതിന് പരിഹാരം ഉണ്ടാക്കാൻ ഗവൺമെന്റ് പരിശ്രമിക്കുന്നതാണ്.

ശ്രീ. ടി. കെ. ദേവകുമാർ: സർ, ഈ എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ റിപ്പോർട്ടിൽ വയനാട്ടിലെ ആദിവാസികൾക്ക് വയനാട്ടിൽതന്നെ ഭൂമി കൊടുക്കണമെന്ന് ഒരു ശുപാർശയുണ്ട്. അതോടൊപ്പംതന്നെ വന്യജീവികളുടെ ആവാസ വ്യവസ്ഥയ്ക്കും ആദിവാസികളുടെ താമസത്തിനും യാതൊരു കോട്ടവും തട്ടാതെ വനവിഭവങ്ങൾ സമാഹരിക്കുന്നതിന് സംവിധാനം ഉണ്ടാക്കാൻ ഈ കമ്മിറ്റിയുടെ 58-ാം പാരഗ്രാഫിലെ ശുപാർശയിൽ പറഞ്ഞിട്ടുണ്ട്. ഈ ആദിവാസികളെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് വനം വകുപ്പ് വനം സംരക്ഷണ സമിതികൾ രൂപീകരിക്കുകയും അത് എല്ലാ വന മേഖലകളിലും വ്യാപിപ്പിച്ചുകൊണ്ട് ഘട്ടം ഘട്ടമായി വനത്തിനുള്ളിൽ താമസിക്കുന്നവരെ പുനരധിവസിക്കുന്നതോടൊപ്പം വനവിഭവങ്ങൾ സംരക്ഷിക്കുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

സംവിധാനം ഉണ്ടാക്കണമെന്നുമാണ് പറഞ്ഞിരിക്കുന്നത്. ആ ശുപാർശ ഗവൺമെന്റ് പരിഗണിച്ചിട്ടുണ്ടോ? എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ശുപാർശ പരിഗണിച്ചെങ്കിൽ അതിന്മേൽ എന്ത് നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. സുധാകരൻ: ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ റിപ്പോർട്ട് ശരിയാണ്. ആ റിപ്പോർട്ടു പ്രകാരം ഗവൺമെന്റിന് പ്രവർത്തിക്കുവാൻ സാധിക്കുമോ എന്ന് കണ്ട് അറിയേണ്ട കാര്യമാണ്. കാരണം ഏറ്റവും കൂടുതൽ ആദിവാസികൾ ഉള്ളത് വയനാട് ജില്ലയിലാണ്. അവർക്ക് അവിടെത്തന്നെ ഭൂമി കൊടുക്കണമെന്നു പറഞ്ഞാൽ അവിടെ ഭൂമി ലഭ്യമല്ല. വയനാട്ടിൽ അവിടുത്തെ ആദിവാസിക്ക് സ്ഥലം കൊടുക്കണമെന്നു പറഞ്ഞാൽ എങ്ങനെ സാധിക്കുമെന്ന് അറിയില്ല. വയനാട് ജില്ലയിലെ ആദിവാസികളെ എത്രമാത്രം അവിടെ താമസിപ്പിക്കുവാൻ സാധിക്കുമോ; അവർക്ക് സ്ഥലം കൊടുക്കുവാൻ സാധിക്കുമോ; അതു ചെയ്യുന്നതാണ്. നിയമസഭ കമ്മിറ്റിയുടെ റിപ്പോർട്ട് നടപ്പിൽ വരുത്താൻ ഗവൺമെന്റ് പരമാവധി ശ്രമിക്കും.

മി. ഡെപ്യൂട്ടി സ്പീക്കർ: ചോദ്യം നമ്പർ 318.

പൊതുവിതരണ രംഗത്ത് ഗുണമേന്മയുള്ള സാധനങ്ങൾ ലഭ്യമാക്കുന്നതിന് നടപടി

*2 [318] ശ്രീ. എ. സി. മൊയ്തീൻ:
" മഞ്ഞളാംകുഴി അലി:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ രംഗത്ത് ഗുണമേന്മയുള്ള സാധനങ്ങൾമാത്രം ലഭ്യമാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) അമിതവിലയും ഗുണനിലവാരമില്ലാത്തതുമായ സാധനങ്ങൾ വിതരണം ചെയ്ത് ഉപഭോക്താക്കളെ ചൂഷണം ചെയ്യുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന് പരിഹാരം കാണുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) പൊതുവിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സർക്കാർ വിതരണം ചെയ്യുന്ന സാധനങ്ങൾക്ക് സബ്സിഡി നൽകുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന്റെ ഉത്തരം * 1 (317) കാണുക]

വനത്തിൽനിന്നും ശേഖരിക്കാവുന്ന തടിയേതര വനവിഭവങ്ങളുടെ ലിസ്റ്റ്

ക്രമ നമ്പർ	*തടിയേതര വനവിഭവത്തിന്റെ (എം.എഫ്.പി.) പേര്*
1.	അമൽപ്പൊരി
2.	അടപതിയൻകിഴങ്ങ്
3.	ഇടംപിരി (വലംപിരി)
4.	ആടലോടകവേർ
5.	ഈന്തപ്പനക്കായ്
6.	ഉറുഞ്ഞിക്കായ്
7.	ഓരില
8.	ഓടക്കുരു
9.	കസ്തൂരിമഞ്ഞൾ
10.	കഴഞ്ചിക്കുരു
11.	ചെറുതേൻ
12.	കല്പാശം
13.	കണ്ണാടിവെള്ള
14.	കടുക്ക
15.	കാട്ടുകുരുമുളകിൻ വള്ളി
16.	കാട്ടുപാവയ്ക്ക
17.	കാട്ടുമഞ്ഞൾ
18.	കാട്ടുതിപ്പലിവേർ
19.	കാഞ്ഞിരക്കുരു
20.	കാട്ടിഞ്ചി
21.	കാന്താരി മുളക്
22.	കൻമദം
23.	കക്കുംകായ്
24.	കരിംകുറിഞ്ഞി
25.	കാട്ടുപയർവേർ
26.	കാട്ടുതുളസി വേര്
27.	കാട്ടുപുന്നക്കായ്

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I (തുടർച്ച)

ക്രമ നമ്പർ	തടിയേതര വനവിഭവത്തിന്റെ (എം.എഫ്.പി.) പേര്
28.	കിരിയാത്ത്
29.	കീഴാർനെല്ലി
30.	കുന്തിരിക്കം
31.	കുറുന്തോട്ടിവേര്
32.	കുമിഴിൻവേര്
33.	കൈതോന്നി
34.	കുടംപുളി
35.	കൊപ്പുവെള്ള
36.	കോലരക്ക്
37.	കൊടിത്തുവവേര്
38.	കോലിഞ്ചി
39.	പട്ടിഞ്ച
40.	പഞ്ഞിക്കായ
41.	പത്തിരിപ്പൂവ്
42.	കാട്ടുപടവലം
43.	പാൽമുതുക്കിൻ കിഴങ്ങ്
44.	പാടക്കിഴങ്ങ്
45.	പാച്ചോറ്റിതൊലി
46.	പൂവണത്തരി
47.	പുത്തരിച്ചുണ്ട
48.	പൊള്ളക്കായ് (നാഞ്ചിക്കുരു)
49.	പുന്നപ്പൂവ്
50.	പുളി
51.	പാലിക്കുരു
52.	പീനാറി
53.	തകരവേര്
54.	വൻതേൻ
55.	തേൻമെഴുക്
56.	താന്നിക്കായ്തോട്
57.	തേംപ്രക്കായ്
58.	തേറ്റാംപരൽ
59.	താമരക്കിഴങ്ങ്
60.	നാങ്കിൻകുരു
61.	നറുനീണ്ടി (നന്നാറി)
62.	നീല അമരി സമൂലം

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I (തുടർച്ച)

ക്രമ നമ്പർ	തടിയേതര വനവിഭവത്തിന്റെ (എം.എഫ്.പി.) പേര്
63.	നെല്ലിക്ക
64.	നീർവാളക്കുരു
65.	നായ്ക്കൊരണപ്പരിപ്പ്
66.	മഞ്ഞക്കൂവ
67.	മട്ടിപ്പാൽ
68.	മരോട്ടിക്കുരു
69.	മൂവിലവേര്
70.	മരമഞ്ഞൾ
71.	മുത്തങ്ങ
72.	മുള്ളിലക്കുരു
73.	ചന്ദനത്തൊലി
74.	ചിറ്റരത്തക്കിഴങ്ങ്
75.	ചീനിക്കായ്
76.	ചിറ്റമൃത്
77.	ചെറുതേക്കിൻവേര്
78.	ചെമ്പരത്തിവേര്
79.	ചിത്തിരപ്പൂവ്
80.	രാമച്ചം
81.	ചങ്ങലംപറണ്ട
82.	ശതാവരിക്കിഴങ്ങ്
83.	വയമ്പ്
84.	വയണപ്പൂവ്
85.	വൻകുറുന്തോട്ടി
86.	വെള്ളത്തുമ്പ
87.	സിതാരി
88.	തഴുതാമവേര്
89.	വെളുത്താവണക്കിൻ വേര്
90.	ഗരുഡക്കൊടി
91.	ജീവകം
92.	ദർഭപ്പുല്ല്
93.	ഏലക്കായ്
94.	ചിറ്റേലം
95.	അത്തിത്തിപ്പലി
96.	പ്ളാശ് (പൂവും കായും)
97.	പുൽത്തൈലം

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I (എ)

[നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന്റെ ഉത്തരം നമ്പർ *1 (317) കാണുക]

തടിയേതര വനവിഭവ ശേഖരണം 1-4-2004 മുതൽ 31-3-2005 വരെ അനുവദിക്കുന്നതിന് ഫെഡറേഷൻ ശുപാർശ ചെയ്തപ്രകാരം റെയിഞ്ചുകൾ, പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് അനുവദിച്ചത് താഴെ ചേർക്കുന്നു:

ക്രമ നമ്പർ	ഡിവിഷൻ	റെയിഞ്ചിന്റെ പേര്	സഹകരണ സംഘം 2003-04 വർഷത്തേക്ക് (1-4-2004 മുതൽ 31-3-2005)
1	തിരുവനന്തപുരം	1. പരുത്തിപ്പള്ളി	കുന്നത്തുമല പട്ടിക വർഗ്ഗ സഹകരണ സംഘം
		2. പാലോട്	ഞാറനീലി ,,
		3. കുളത്തൂപ്പുഴ	പോട്ടമാവ് ,,
2	തെന്മല	4. തെന്മല	ആര്യങ്കാവ് ,,
		5. ആര്യങ്കാവ്	ആര്യങ്കാവ് ,,
3	പുനലൂർ	6. അഞ്ചൽ	വഞ്ചിയോട് ,,
		7. പത്തനാപുരം	,, ,,
4	അച്ചൻകോവിൽ	8. അച്ചൻകോവിൽ	അച്ചൻകോവിൽ ,,
		9. കല്ലാർ	,, ,,
		10. കാനയാർ	,, ,,
5	കോന്നി	11. മണ്ണാറപ്പാറ	,, ,,
		12. കോന്നി	കോന്നി ബ്ലോക്ക് ,,
		13. നടുവത്തുമൂഴി	,, ,,
6	റാന്നി	14. റാന്നി	ചൊള്ളനാവയൽ ,,
		15. വടശ്ശേരിക്കര	സീതത്തോട് ,,
		16. ഗൂഡിക്കൽ	പെരുന്തേനരുവി ,,
7	കോട്ടയം	17. നഗരമ്പാറ	വാഴത്തോപ്പ് ,,
		18. അയ്യപ്പൻകോവിൽ	,, ,,
		19. എരുമേലി	കോസടി ,,
		20. കുമിളി	,, ,,
8	മാങ്കുളം	21. ആനക്കുളം	അടിമാലി ,,
		22. മാങ്കുളം	,, ,,

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I (എ)--(തുടർച്ച)

ക്രമ നമ്പർ	ഡിവിഷൻ	റെയിഞ്ചിന്റെ പേര്		സഹകരണ സംഘം 2003-04 വർഷത്തേക്ക് (1-4-2004 മുതൽ 31-3-2005)
9	മൂന്നാർ	23.	അടിമാലി	അടിമാലി പട്ടിക വർഗ്ഗ സഹകരണ സംഘം
		24.	നേര്യമംഗലം	" "
		25.	ദേവികുളം	" "
		26.	മൂന്നാർ	ദേവികുളം "
		27.	മറയൂർ	" "
10	കോതമംഗലം	28.	കോതമംഗലം	കുട്ടമ്പുഴ "
		29.	തൊടുപുഴ	വാഴത്തോപ്പ് "
		30.	മുള്ളരിങ്ങാട്	" "
		31.	കാളിയാർ	" "
11	മലയാറ്റൂർ	32.	കാലടി	പൊങ്ങിൻചുവട് "
		33.	തുണ്ടത്തിൽ	" "
		34.	കോടനാട്	" "
		35.	കുട്ടമ്പുഴ	കുട്ടമ്പുഴ "
12	വാഴച്ചാൽ	36.	ഷോളയാർ	ഷോളയാർ മലക്കപ്പാറ "
		37.	കൊല്ലത്തിരുമേട്	" "
		38.	വാഴച്ചാൽ	" "
		39.	ചാർപ്പ	" "
		40.	അതിരപ്പിള്ളി	" "
13	ചാലക്കുടി	41.	പാലപ്പിള്ളി	പാലപ്പിള്ളി "
		42.	വെള്ളിക്കുളങ്ങര	" "
		43.	പരിയാരം	" "
14	തൃശ്ശൂർ	44.	വടക്കാഞ്ചേരി	തൃശ്ശൂർ തലപ്പിള്ളി "
		45.	മച്ചാട്	" "
		46.	പട്ടിക്കാട്	" "
15	നെന്മാറ	47.	കൊല്ലങ്കോട്	മലമ്പുഴ "
		48.	നെല്ലിയാമ്പതി	" "
		49.	ആലത്തൂർ	കുറുമ്പ "

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I (എ)—(തുടർച്ച)

ക്രമ നമ്പർ	ഡിവിഷൻ	റെയിഞ്ചിന്റെ പേര്	സഹകരണ സംഘം 2003-04 വർഷത്തേക്ക് (1-4-2004 മുതൽ 31-3-2005)	
16	മണ്ണാർക്കാട്	50. അട്ടപ്പാടി	കുറുമ	പട്ടിക വർഗ്ഗ സഹകരണ സംഘം
		51. അഗളി	"	"
		52. മണ്ണാർക്കാട്	മലമ്പുഴ	"
17	നിലമ്പൂർ സൗത്ത്	53. കരുളായ്	നിലമ്പൂർ	"
		54. കാളികാവ്	"	"
18	നിലമ്പൂർ നോർത്ത്	55. നിലമ്പൂർ	"	"
		56. ഇടവണ്ണ	"	"
		57. വഴിക്കടവ്	"	"
19	പാലക്കാട്	58. ഒലവക്കോട്	മലമ്പുഴ	"
		59. വാളയാർ	"	"
		60. ഒറ്റപ്പാലം	"	"
20	കോഴിക്കോട്	61. മേപ്പാടി	മേപ്പാടി	"
		62. താമരശ്ശേരി	വിലങ്ങാട്	"
		63. കുറ്റ്യാടി	"	"
		64. പെരുവണ്ണാമുഴി	"	"
21	വയനാട് നോർത്ത്	65. ബേഗൂർ	സുൽത്താൻ ബത്തേരി	"
		66. മാനന്തവാടി	തിരുനെല്ലി	"
		67. പേര്യാ	തവിഞ്ഞാൽ	"
22	വയനാട് സൗത്ത്	68. കൽപ്പറ്റ	മേപ്പാടി	"
		69. ചെതലത്ത്	പുൽപ്പള്ളി	"
23	കണ്ണൂർ	70. കാസർഗോഡ്	പനത്തടി	"
		71. കാഞ്ഞങ്ങാട്	"	"
		72. കൊട്ടിയൂർ	നെടുംപോയിൽ	"
		73. തളിപ്പറമ്പ്	"	"
		74. കണ്ണവം	"	"

LIBRARY ARCHIVES Kerala Legislative Assembly